ശ്രീ. പി. എസ്. സുപാൽ: സ്വകാര്യവൽക്കരണം പാടില്ല സർ, അതുകൊണ്ടാണ്.

ശ്രീ. പി. ശങ്കരൻ: ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ രണ്ടും ഇരുപത്തിഅഞ്ചും ഒരേ വിഷയമായതിനാൽ ഒരുമിച്ച് എടുക്കാവുന്നതാണ്.

പോലീസ് സേനയെ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ

*2 [2] ശ്രീ. എം. വി. ജയരാജൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്താനും സേവനവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പോലീസ് സേനയുടെ ഇന്നത്തെ പ്രവർത്തനത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും സേനയെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കമ്മീഷന്റെ ഘടന എന്താണ്;

(ഇ) ഈ കമ്മീഷന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) 2002-03 വർഷങ്ങളിലെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഉപദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ജസ്റ്റിസ് കെ. ടി. തോമസ് (റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജ്) ചെയർമാനായും, ശ്രീ. കെ. വി. രാജഗോപാലൻ നായർ (റിട്ടയേർഡ് ഡി.ജി.പി), ശ്രീ. ടി. എൻ. ജയചന്ദ്രൻ, ഐ. എ. എസ്., (മുൻ വൈസ് ചാൻസലർ, കോഴിക്കോട് സർവ്വകലാശാല, റിട്ടയേർഡ് അഡീഷണൽ ചീഫ് സെക്രട്ടറി) എന്നിവർ അംഗങ്ങളായി പോലീസ് പെർഫോർമൻസ്

LIBRARY ARCHIVES Kerala Legislative Assembly

ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പോലീസ് സേനാംഗങ്ങളുടെ ജോലി സമയം ക്രമീകരിക്കുകയും, ജോലിഭാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

പോലീസിന്റെ പൊതുവിലുള്ള പ്രവർത്തനം വിലയിരുത്തിയതിൽ മോഷണം, പിടിച്ചുപറി മുതലായ പ്രോപ്പർട്ടി സംബന്ധമായ കേസുകളുടെ അന്വേഷണത്തിൽ ക്രമസമാധാന സംബന്ധമായ ജോലികളുമായി താരതമ്യപ്പെടുത്തുമ്പോൾ മതിയായ പരിഗണന ലഭിക്കുന്നില്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും, കുറ്റാന്വേഷണവും ക്രമസമാധാന പരിപാലനവും രണ്ടു വിഭാഗങ്ങളാക്കി പ്രവർത്തിച്ചുവരുന്നു.

പോലീസ് സേനാംഗങ്ങൾക്ക് പരിശീലനം നൽകുന്നതിന് സിലബസ് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പോലീസ് അക്കാഡമിയിലെ നവീകരണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) പോലീസ് സേനയുടെ നവീകരണത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടുകൂടി മോഡേണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2000-01 മുതൽ 2004-05 വരെയുള്ള കാലയളവിൽ 315 കോടി രൂപയുടെ നവീകരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ, സി.ഐ. ഓഫീസ് കെട്ടിടങ്ങൾ, സബ്ഡിവിഷണൽ പോലീസ് ഓഫീസ് കെട്ടിടങ്ങൾ, ജില്ലാ പോലീസ് ഓഫീസ്/സിറ്റി പോലീസ് ഓഫീസ് കെട്ടിടങ്ങൾ, വനിതാ പോലീസ് റസ്റ്റ് റൂമുകൾ, ജില്ലാ സായുധ സേനാ ക്യാമ്പുകൾ, ബാരക്കുകൾ, ജില്ലാ പോലീസ് കൺട്രോൾ റൂമുകൾ, എസ്. ബി. സി. ഐ. ഡി./ സി. ബി. സി. ഐ. ഡി. ജില്ലാ ഓഫീസുകൾ, റേഞ്ച് ഡി.ഐ.ജി. ഓഫീസുകൾ, സോണൽ ഐ.ജി. ഓഫീസ് തുടങ്ങിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കണ്ണൂരിലും തൃശ്ശൂരിലും റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികൾക്കുള്ള കെട്ടിടം പണി നടക്കുന്നു. കൂടാതെ പോലീസുകാർക്കു വേണ്ടിയുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണവും നടന്നുവരുന്നു.

സംസ്ഥാന പോലീസിന് ആവശ്യമായ വിവിധതരം വാഹനങ്ങൾ വാങ്ങി യൂണിറ്റുകളിലേക്ക് വിതരണം ചെയ്തുവരുന്നു. വിവിധയിനം ആയുധങ്ങൾ വയർലെസ്സ് ഉപകരണങ്ങൾ, കേരള പോലീസ് അക്കാഡമിക്കും പോലീസ് ട്രെയിനിംഗ് കോളേജിനും ആവശ്യമായ ആധുനിക ട്രെയിനിംഗ് ഉപകരണങ്ങൾ, എഫ്.എസ്.എൽ. ഉപകരണങ്ങൾ, മൊബൈൽ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് ആവശ്യമായ ഉപകരണങ്ങൾ, റയട്ട് കൺട്രോൾ ഉപകരണങ്ങൾ, ട്രാഫിക്, എസ്. ബി. സി. ഐ. ഡി./

LIBRARY ARCHIVES Kerala Legislative Assembly

സി. ബി. സി. ഐ. ഡി. എന്നീ വിഭാഗങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ, പോലീസ് സ്റ്റേഷൻ, സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, കോസ്റ്റൽ പോലീസ് എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ എന്നിവ പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) 2002-03 വർഷങ്ങളിലെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി പോലീസ് പെർഫോർമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ജസ്റ്റിസ് കെ.ടി. തോമസ് (റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജ്) ചെയർമാൻ. ശ്രീ. കെ. വി. രാജഗോപാലൻ നായർ, ഐ. പി. എസ്. (റിട്ടയേർഡ് ഡി. ജി. പി.)-അംഗം. ശ്രീ. ടി. എൻ. ജയചന്ദ്രൻ, ഐ. എ. എസ്. (മുൻ വൈസ് ചാൻസലർ, കോഴിക്കോട് സർവ്വകലാശാല, റിട്ട. അഡീഷണൽ ചീഫ് സെക്രട്ടറി) അംഗം.

(ഇ) 2002-03 വർഷങ്ങളിലെ പോലീസ് സേനയുടെ പ്രവർത്തനം വിലയിരുത്തുക, പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കാലാകാലങ്ങളിൽ ശുപാർശകൾ സമർപ്പിക്കുക, കൂടാതെ പോലീസിന് പ്രവർത്തന സ്വാതന്ത്ര്യം നൽകിയതു മൂലമുണ്ടായ ഗുണദോഷങ്ങൾ വിലയിരുത്തുകയും പോലീസ് സേനയുടെ പ്രവർത്തനവും ചുമതലാബോധവും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നിവയാണ് കമ്മീഷന്റെ പരിധിയിലുള്ളത്.

പോലീസ് സേനയുടെ നവീകരണം

*3 [25] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly